⇨ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ പല വികസന-ആസൂത്രണ പരിപാടികളും അട്ടിമറിക്കപ്പെടും ⇨

## കേരള പരിപ്രേക്ഷ്യ നയരേഖ 2030

# കേരളത്തെ മനസ്സിലാക്കാത്ത വികസന നയരേഖ

2030ൽ കേരളം എങ്ങനെയാകണമെന്ന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനായി സർക്കാർ മുന്നോട്ട് വച്ചിരിക്കുന്ന കേരള പരിപ്രേക്ഷ്യ നയരേഖ കേരളത്തിൽ ഇതുവരെ നടന്ന പ്രാദേശികതല ആസൂത്രണത്തെ അട്ടിമറിക്കുന്ന ഒന്നാണ്. പരിപ്രേക്ഷ്യ നയരേഖ തള്ളിക്കളയുകയും കെ. കൃഷ്ണൻകുട്ടി അദ്ധ്യക്ഷനായ കാർഷിക വികസന കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്യുകയുമാണ് കേരളം ചെയ്യേണ്ടത്.

■ ആർ. ശ്രീധർ

**2030** ൽ കേരളം എങ്ങനെയാകണമെന്ന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനായി സർക്കാർ മുന്നോട്ട് വച്ചിരിക്കുന്ന കേരള പരിപ്രേക്ഷ്യ നയരേഖ 2030 (Kerala Perspective Plan 2030) ഒറ്റ വായനയിൽ തന്നെ കേരളത്തിന് ഒട്ടും അനുയോജ്യമായ വികസനനയമല്ല മുന്നോട്ട് വയ്ക്കുന്നതെന്ന് വ്യക്തമാണ്. മാത്രമല്ല, കേരളത്തിന് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ പല വികസന-ആസൂത്രണ പരിപാടികളെയും അട്ടിമറിക്കുകയും അവയുടെ തുടർച്ച അസാധ്യമാക്കിതീർക്കുകയും ചെയ്യുന്ന സങ്കൽപ്പങ്ങളാണ് പരിപ്രേക്ഷ്യ നയരേഖ കേരളത്തിനായി അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ സഹകരണത്തോടെ ഡൽഹി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക് റിസർച്ച് (NCAER) ആണ് കേരള സർക്കാറിന് പരിപ്രേക്ഷ്യ നയരേഖ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക പിന്തുണ നൽകിയിരിക്കുന്നത്. അവർ മുന്നോട്ട് വയ്ക്കുന്ന വികസനകാഴ്ച്ചപ്പാടുകളിലെ പ്രശ്നങ്ങൾ വിലയിരുത്തുന്നതിന് മുമ്പ് കേരളത്തിന്റെ വികസനാസൂത്രണ ചരിത്രത്തിന്റെ ഒരു പ്രത്യേക എന്താണ് എന്നുകൂടി വിശദമാക്കേണ്ടതുണ്ട്.

ഇന്ത്യയിലെവിടെയും കാണാൻ കഴിയാത്തവിധം പ്രാദേശിക വികസന പ്രക്രിയയ്ക്കും അധികാര വികേന്ദ്രീകരണത്തിനും ഊന്നൽ നൽകുന്ന ഒരു വികസനാസൂത്രണം 90കൾ മുതൽ നടന്നിട്ടുള്ള സംസ്ഥാനമാണ് കേരളം. സംസ്ഥാന ആസൂത്രണ കമ്മീഷന്റെ അദ്ധ്യക്ഷന്മാരായി വന്ന വി. രാമചന്ദ്രനും ഐ.എസ്. ഗുലാത്തിയും പ്രഭാത്പട്നായിക്കുമെല്ലാം ആ സങ്കൽപ്പത്തെ മുന്നോട്ട് കൊണ്ടുപോകുന്ന തരത്തിൽ ആസൂത്രണ പ്രക്രിയയക്ക് ഊന്നൽ നൽകിയവരാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനുമുള്ള അധികാരം കൈമാറിക്കൊണ്ട് 1996ൽ കേരളത്തിൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതിയുടെ ആത്മാവുൾക്കൊണ്ടുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ പ്ലാനിംഗ് ബോർഡ് വളരെയധികം ശുഷ്കാന്തി കാണിച്ചിട്ടുണ്ട്. അക്കാലങ്ങളിലെ ഇടത്-വലത് സർക്കാറുകളും പ്രാദേശിക വികസന പരിപാടികൾ ഏറെ താത്പര്യമെടുത്തിരുന്നു. ഒട്ടേറെ




ദൂരദർശൻ സംഘടിപ്പിച്ച ഗ്രീൻ കേരള എക്സ്പ്രസ് പരിപാടിയിൽ നിന്നും

പാളിച്ചകളുണ്ടായെങ്കിലും 1993ൽ നിലവിൽ വന്ന 73, 74 ഭരണഘടനാ ഭേദഗതിയെ അർത്ഥപൂർണ്ണമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച സംസ്ഥാനമായി കേരളം മാറി. കേന്ദ്രീകൃത ഘടനയുടെ ശീലങ്ങളിൽ കുടിങ്ങിക്കിടക്കുകയും അധികാരവികേന്ദ്രീകരണത്തിന്റെ സത്ത ഉൾക്കൊള്ളാൻ കഴിയാതെ പോവുകയും ചെയ്ത സർക്കാർ വകുപ്പുകളാണ് അതിന്റെ പൂർണ്ണാർത്ഥത്തിലുള്ള നടപ്പിലാക്കലിന് തടസ്സമായിത്തീർന്നത്. എന്നാലും ദേശീയ നിലവാരമെടുത്താൽ, വികസന നയപരിപാടികളുടെ ആസൂത്രണത്തിലും നടപ്പിലാക്കലിലും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറെ മുന്നിലാണെന്ന് സംശയമേതുമില്ലാതെ പറയാം. വിദ്യാഭ്യാസം, ആരോഗ്യം, ജലസേചനം തുടങ്ങിയ ഒട്ടേറെ വകുപ്പുകളെ ഭാഗീകമായെങ്കിലും പഞ്ചായത്ത് തലത്തിലേക്ക് കൊണ്ടുവരാനും കൂടുതൽ ജനോപകാരപ്രദമാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇനിയും പൂർണ്ണതയിലെത്തിക്കാൻ കഴിയാതെ പോയ പരിപാടിയാണ് ജനകീയാസൂത്രണം. അത് പൂർത്തിയാക്കുന്നതിന് പകരം, ഈ സർക്കാർ അധികാരമേറ്റ കാലം മുതൽ വികേന്ദ്രീകൃതാസൂത്രണ പരിപാടികളെ അട്ടിമറിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. പ്രാദേശിക വികസനപ്രക്രിയയ്ക്കുള്ള ഊന്നൽ കുറഞ്ഞു.


കഴിഞ്ഞ സർക്കാറിന്റെ കാലത്ത്, മന്ത്രിയായിരുന്ന തോമസ് ഐസക്കിന്റെയും സി-ഡിറ്റിന്റെയും ദൂരദർശന്റെയും മുൻകൈയിൽ നടപ്പാക്കിയ ഗ്രീൻ കേരള എക്സ്പ്രസ് എന്ന പരിപാടി പ്രാദേശിക വികസനാസൂത്രണ രംഗത്ത് മാതൃകാപരമായ നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിലെ ബഹുഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞു എന്നത് ഏവരെയും ബോധ്യപ്പെടുത്തിയ പരിപാടിയാണ്. ഞാൻ മുൻപ് സൂചിപ്പിച്ച, പ്രാദേശിക വികസനാനുഭവങ്ങളുടെ വിജയം നേരിൽ കാണുന്നതിനും വിലയിരുത്തുന്നതിനുമുള്ള ഒരവസരമായിരുന്നു ഗ്രീൻ കേരള എക്സ്പ്രസ്. ജനകീയാസൂത്രണത്തെക്കുറിച്ച് ഏറെ വിമർശനങ്ങൾ ഉയർന്ന കാലത്താണ് ആ പരിപാടിവരുന്നത്. പഞ്ചായത്തു തലത്തിൽ എന്തെല്ലാം നടന്നു എന്നതിനുള്ള ഒരു സോഷ്യൽ ഓഡിറ്റിംഗ് ആയി ഗ്രീൻ കേരള എക്സ്പ്രസ് മാറി. ചെറുതെങ്കിലും ശക്തവും സുന്ദരവുമായ ഒട്ടേറെ വികസന പദ്ധതികളാൽ സമ്പന്നമാണ് കേരളത്തിലെ പഞ്ചായത്തുകളെന്ന് കാണിച്ചുതന്ന ആ പരിപാടി തീർത്തും രാഷ്ട്രീയ ഭേദമന്യേ നടന്ന ഒന്നാണ്. കാരണം, ഇടതുസർക്കാറാണ് അന്ന് ഭരിച്ചിരുന്നതെങ്കിലും ഗ്രീൻ കേരള എക്സ്പ്രസിൽ ആദ്യസ്ഥാനങ്ങളിലെത്തിയ പഞ്ചായത്തുകളിൽ കോൺഗ്രസ് ഭരിക്കുന്ന പഞ്ചായത്തുകളുമുണ്ടായിരുന്നു. ജനകീയാസൂത്രണം ശരിയായ അർത്ഥത്തിൽ ആവിഷ്കരിക്കാൻ കക്ഷി-രാഷ്ട്രീയ ഭേദമന്യേ ആർക്കും സാധ്യമാകുമെന്നും തദ്ദേശീയ നേതൃത്വത്തിനും ജനങ്ങൾക്കും അതിനുള്ള കരുത്തുണ്ടെന്നും തെളിയിച്ച പരിപാടികൂടിയായിരുന്നു ഇത്.

അത്രയും ശക്തമായ അടിത്തറയുള്ള പ്രദേശിക വികസനാസൂത്ര പ്രക്രിയയെ അട്ടിമറിച്ച്, വികസനത്തെ വീണ്ടും കേന്ദ്രീകൃതമായി നിലനിർത്തുന്നതരത്തിൽ നയങ്ങൾ തിരുത്തിയെഴുതാനുള്ള ശ്രമമാണ് കേരള പരിപ്രേക്ഷ്യ നയരേഖയിലൂടെ സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. ഉമ്മൻചാണ്ടി സർക്കാർ അധികാരമേറ്റെടുത്തകാലം മുതൽ അതിനുള്ള ശ്രമങ്ങൾ തുടങ്ങയിരുന്നു. എമർജിംഗ് കേരള പരിപാടിയായിരുന്നു ആദ്യശ്രമം. വലിയ പ്രോജക്ടുകൾ വലിയ ആഘോഷത്തെ അ

വതരിപ്പിക്കപ്പെടുകയും ഒന്നും നടപ്പിലാക്കാൻ കഴിയാതെ പോവുകയും ചെയ്തതാണ് എമർജിംഗ് കേരളയുടെ ബാക്കി പത്രം. എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട ഒറ്റ പദ്ധതിപോലും കടലാസിനപ്പുറം പോയിട്ടില്ലെന്ന് ഓഡിറ്റ് റിപ്പോർട്ടുകൾ തന്നെ വ്യക്തമാക്കുന്നുണ്ട്. എന്തുകൊണ്ടാണ് ഇത്ര ആഘോഷമായി അവതരിപ്പിക്കപ്പെട്ട എമർജിംഗ് കേരള പരിപാടിയിൽ വന്ന ഒരു പദ്ധതിപോലും സർക്കാറിന് യാഥാർത്ഥ്യമാക്കാൻ കഴിയാതെ പോയത്? കേരളത്തിൽ അത്തരം കേന്ദ്രീകൃത വികസന പദ്ധതികൾക്ക് സാധ്യതയില്ല എന്നതിനാലാണ് അവയെല്ലാം പരാജയപ്പെട്ടത്. എന്തുകൊണ്ട് സാധ്യത ഇല്ലാതെയായി എന്നത് പരിശോധിച്ചാൽ, ഈ വൻ പദ്ധതികളെല്ലാം വികേന്ദ്രീകൃതാസൂത്ര



ഐ.എസ്. ഗുലാത്തി



പ്രഭാത് പട്നായിക്

> അത്രയും ശക്തമായ അടിത്തറയുള്ള പ്രദേശിക വികസനാസൂത്ര പ്രക്രിയയെ അട്ടിമറിച്ച്, വികസനത്തെ വീണ്ടും കേന്ദ്രീകൃതമായി നിലനിർത്തുന്നതരത്തിൽ നയങ്ങൾ തിരുത്തിയെഴുതാനുള്ള ശ്രമമാണ് കേരള പരിപ്രേക്ഷ്യ നയരേഖയിലൂടെ സർക്കാർ മുന്നോട്ട് വയ്ക്കുന്നത്

ണത്തിന്റെ കാര്യത്തിൽ ഏറെ മുന്നോട്ട് പോയ പഞ്ചായത്തുകളിലാണ് വരാനുദ്ദേശിച്ചത് എന്നതാണ് കാരണമെന്ന് കാണാം. എമർജിംഗ് കേരളയിൽ വന്ന പല പരിപാടികളും മൾട്ടി പഞ്ചായത്ത് ഏരിയയിൽ ആണ് വരാൻ ഉദ്ദേശിച്ചിരുന്നത്. രണ്ടോ മൂന്നോ പഞ്ചായത്തുകളുടെ ആസൂത്രണ പ്രക്രിയയെ ഒറ്റയടിക്ക് ബാധിക്കുന്ന പദ്ധതികൾ. ഉദാഹരണമായി എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട നാഷണൽ മാനുഫാക്ച്ചറിംഗ് ഇൻവെസ്റ്റ്മെന്റ് സോൺ പാലക്കാട് ജില്ലയിലെ പല പഞ്ചായത്തുകളുടെ ഏരിയയിൽ വരാനിരുന്ന പദ്ധതിയാണ്. ഈ പഞ്ചായത്തുകൾക്കെല്ലാം അവരുടേതായ വികേന്ദ്രീകൃതമായ വികസന പദ്ധതികളുണ്ടാകും. സ്വാഭിവകമായും കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികളാകും അവർക്കുണ്ടാകുക. ആ പദ്ധതികൾക്കായി അവർ കണ്ടുവച്ചിരിക്കുന്ന അതേ ഇടമാകും മാനുഫാക്ചറിംഗ് ഇൻവെസ്റ്റ്മെന്റ് സോണിന് വേണ്ടി  ഏറ്റെടുക്കാൻ സർക്കാറും ഉദ്ദേശിക്കുന്നു. സ്വാഭാവികമായും സംഘർഷം ഉടലെടുക്കും. തദ്ദേശീയമായ ആവശ്യങ്ങളെയും സാഹചര്യങ്ങളെയും പരിഗണിച്ചുകൊണ്ടുള്ളു പദ്ധതിയായിരിക്കും പഞ്ചായത്തുകളുടേത്. എന്നാൽ മാനുഫാക്ചറിംഗ് സോൺ പോലെയുള്ള കേന്ദ്രീകൃത പദ്ധതികൾക്ക് അത്തരം പരിഗണനകൾ ഉണ്ടായിരിക്കില്ല. ആ സ്ഥലത്ത് അനുയോജ്യമായ വികസനപദ്ധതിയാണോ അത് എന്ന് അവർക്ക് നോക്കേണ്ട കാര്യമില്ല. ഗ്രൗണ്ട് റിയാലിറ്റി എന്താണ് എന്ന് തിരിച്ചറിയാതെ നടത്തുന്ന അത്തരം വികസന പദ്ധതികൾക്കെതിരെ എതിർപ്പുണ്ടാകുന്നതും സ്വാഭാവികമാണ്. ഉമ്മൻ ചാണ്ടി സർക്കാറിന് അത് മനസ്സിലായിട്ടില്ല. മുഖ്യമന്ത്രിയുടെ വാക്കുകൾ തന്നെ അത് വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം പലപ്പോഴും പറയുന്നത്, പ്രാദേശികമായ തടസ്സങ്ങൾ കാരണം വികസന പദ്ധതികൾക്ക് ഭൂമി കിട്ടിയില്ല, ജനങ്ങൾ സമ്മതിക്കുന്നില്ല എന്നെല്ലാമാണ്. ജനങ്ങൾ സമ്മതിക്കുന്നില്ല എന്നുപറഞ്ഞാൽ എന്താണർത്ഥം? അവർക്ക് അനുയോജ്യമല്ലാത്ത വികസനം എന്ന ഒന്നുണ്ടെന്നും അത് തള്ളിക്കളയണമെന്നും ജനങ്ങൾ പല സ്ഥലത്തും തിരിച്ചറിഞ്ഞിരിക്കുന്നു. വികേന്ദ്രീകൃത വികസനാസൂത്രത്തണത്തിന്റെ ഗുണഫലം കൂടിയായി അതിനെ വിലയിരുത്തണം. എന്നാൽ അത്തരത്തിലുണ്ടായ പ്രാദേശിക വികസന മാതൃകകളെ പാടെ തള്ളിക്കളയുന്ന സമീപനമാണ് കേരള പരിപ്രേക്ഷ്യ നയരേഖ സ്വീകരിച്ചിരിക്കുന്നത്. പരാജയപ്പെട്ട എമർജിംഗ് കേരള ഉച്ചകോടിയുടെ ഒരു തുടർച്ചയായിതന്നെയാണ് ഞാൻ ഇതിനെ കാണുന്നത്.

വികേന്ദ്രീകൃത ആസൂത്രണത്തിൽ സംസ്ഥാന ആസൂത്രണ കമ്മീഷൻ ഇത്രയും ഫലപ്രദമായി ഇടപെട്ടതിന്റെ ചരിത്രമുള്ള കേരളത്തിന്, പുറത്തുനിന്നും വന്ന NCAER പോ

ലെയുള്ള ഒരു സ്ഥാപനത്തിന്റെ സഹായത്തോടെ നയരേഖയുണ്ടാക്കേണ്ടിവരുന്നു എന്നത് അപമാനകരമായ കാര്യമാണ്. കേരളത്തിന്റെ വികസനം എങ്ങനെയാകണം എന്ന് ചിന്തിക്കാൻ ശേഷിയുള്ള എത്രയോ വിദഗ്ധരുള്ള സംസ്ഥാനമാണ് നമ്മുടേത്. പ്രത്യേകിച്ച് വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ വിശ്വാസവും പരിചയസമ്പന്നതയുമുള്ളവർ. അക്കാര്യം അറിയാഞ്ഞിട്ടല്ല സർക്കാർ അവരെ ഒഴിവാക്കിയതെന്ന് പരിപ്രേക്ഷ്യ നയരേഖ വായിച്ചാൽ ആർക്കും വ്യക്തമാകും. കേരളത്തിന്റെ വികസനത്തെക്കുറിച്ച് ചിന്തിക്കാൻ മറ്റേതോ നാട്ടിലുള്ള കുറെ അക്കാദമീഷ്യന്മാരെ ഏൽപ്പിച്ചാൽ എങ്ങനെയാണ് ശരിയാകുന്നത്. കേരളത്തിന് പരിചിതമല്ലാത്ത മാതൃകകളെ പരിചയപ്പെടുത്തുന്നതിനായി അവരുടെ സേവനം ഉപയോഗപ്പെടുത്താം. പക്ഷെ പൂർണ്ണമായും അവർ രൂപകല്പന ചെയ്യുന്ന



റിപ്പോർട്ട് നമുക്ക് അനുഗുണമാകണമെന്നില്ല. പരിപ്രേക്ഷ്യ നയരേഖയുടെ കാര്യത്തിൽ NCAER അതാണ് ചെയ്തിരിക്കുന്നത്. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ പിന്തുണയോടെ പ്രവർത്തിക്കുന്ന NCAER, തീർച്ചയായും മൊൺടേക്സിംഗ് അലുവാലിയയെപ്പോലുള്ളവരുടെ വികസന സങ്കൽപ്പങ്ങൾ പിൻപറ്റുന്ന സ്ഥാപനമാണ്. സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിലാണ് അവർ കേരളത്തിലെ സാഹചര്യങ്ങൾ വിശകലനം ചെയ്തിരിക്കുന്നതെന്ന് പരിപ്രേക്ഷ്യ നയരേഖ വായിച്ചാൽ കാണാം.

കാർഷിക മേഖലയെ മാത്രമെടുത്തുകൊണ്ട് ആ വിശകലനത്തിന്റെ പ്രശ്നങ്ങൾ വ്യക്തമാക്കാം. കേരളത്തിലെ കർഷകരിൽ 95 ശതമാനം പേരും ഒരു ഹെക്ടറിൽ താഴെ മാത്രം കൃഷി ചെയ്യുന്ന ചെറുകിട കർഷകരാണെന്ന് റിപ്പോർട്ട് പറയുന്നുണ്ട്. എന്നാൽ അത്തരം കർഷകരെ കേന്ദ്രീകരിച്ചുള്ള നിർദ്ദേശങ്ങളല്ല തുടർന്നുള്ള ഭാഗങ്ങളിൽ നയരേഖ സംസാരിക്കുന്നത്. ഹൈടെക് ഫാമിംഗിനെയും കാർഷിക മേഖലയിലെ വിദേശനിക്ഷേപത്തെയും ഹൈഡ്രോപോണിക് കൃഷിരീതിയേയും ഹൈബ്രിഡ് റൈസ് ടെക്നോളജിയേയും ജി.എമ്മിനെയും കുറിച്ചാണ് നയരേഖ കൂടുതൽ സംസാരിക്കുന്നത്. ചെറുകിട കർഷകരാണ് കൂടുതലെങ്കിൽ അവർക്ക് ഇത്തരത്തിലുള്ള കാർഷിക വികസനം കൊണ്ട് എന്ത് ഗുണമാണുണ്ടാകുന്നത്? കാർഷിക നയത്തിൽ നീർത്തടങ്ങൾ നികത്താൻ പാടില്ലെന്നും നെൽകൃഷി സംരക്ഷിക്കണമെന്നുമെല്ലാം പറയുന്നുണ്ടെങ്കിലും ഇതേ പരിപ്രേക്ഷ്യ നയരേഖ മറ്റ് കാർഷികേതര മേഖലകളിലെ വികസനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചാൽ അതിലെ വൈരുദ്ധ്യം നമുക്ക് ബോധ്യമാകും. വലിയ തോതിൽ ഭൂമി ഏറ്റെടുക്കൽ വേണ്ടിവരുന്ന പദ്ധതികൾക്കാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. ഭൂമി ഏറ്റെടുക്കലും നെൽവയൽ-നീർത്തട സംരക്ഷണം കൂടി എങ്ങനെയാണ് ഒത്തുപോകുന്നത്? അത്തരത്തിൽ പരസ്പര വിരുദ്ധമായാ കാര്യങ്ങളാണ് പരിപ്രേക്ഷ്യ നയരേഖ ഓരോ മേഖലയ്ക്കുമായി പറഞ്ഞിരിക്കുന്നത്.

19 ദിവസം മാത്രമാണ് പരിപ്രേക്ഷ്യ നയരേഖയുടെ മേൽ പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനായി സർക്കാർ നൽകിയത്. മലയാളത്തിൽ രേഖ പരിഭാഷപ്പെടുത്തുന്നതിനും തയ്യാറായിട്ടില്ല. വെബ്സൈറ്റിൽ ഇട്ട് പൊതുജനാഭിപ്രായം തിരയേണ്ട പരിപാടിയായല്ല വിഷൻ 2030 അവതരിപ്പിക്കേണ്ടത്. സർക്കാറിന് ജനങ്ങളോട് ആത്മാർത്ഥതയുണ്ടെങ്കിൽ അവരോട് നേരിട്ട് കാര്യങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകേണ്ടതാണ്. പരിപ്രേക്ഷ്യ നയരേഖയുടെ കാര്യത്തിൽ സർക്കാർ അതുദ്ദേശിക്കുന്നില്ല എന്നത് വ്യക്തമാണ്. അതുകൊണ്ടാണ് മലയാളത്തിൽ പോലും പരിഭാഷപ്പെടുത്താതെ, വെബ്സൈറ്റിൽ മാത്രം കൊടുത്ത്, ഇത്രവേഗം രേഖയുടെ മേലുള്ള ചർച്ച അവസാനിപ്പിച്ചത്. NCAER പോലെയുള്ള ഒരു ഏജൻസിയുടെ സഹായം തിരഞ്ഞതും സംശയാസ്പദമാണ്. ഈ രേഖ തത്വത്തിൽ അം

ഗീകരിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ നയങ്ങളിൽ തിരുത്തൽ വരുത്തുന്നതിനും ജനങ്ങളുടെ പ്രതിഷേധങ്ങളെ നിഷ്പ്രഭമാക്കി, കേന്ദ്രീകൃത വികസന പദ്ധതികൾക്ക് സുഗമമായ വഴിയൊരുക്കുന്നതിനുമാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തം.

**കെ. കൃഷ്ണൻകുട്ടി കമ്മിറ്റി**

ആ സാഹചര്യം ഒരുവശത്ത് നിലനിൽക്കുമ്പോൾ തന്നെയാണ് ഇതേ സർക്കാർ നിയോഗിച്ച മറ്റൊരു കമ്മിറ്റി തയ്യാറാക്കിയ കേരള കാർഷിക വികസനനയം ഒട്ടേറെ ഗുണകരമായ നിർദ്ദേശങ്ങളുമായി പുറത്തുവന്നത്. ജനതാദൾ നേതാവായ കെ. കൃഷ്ണൻകുട്ടി ചെയർമാനായ കമ്മിറ്റിയാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. കർഷകൻ കൂടിയായ ഒരു രാഷ്ട്രീയ പ്രവർത്തകൻ കാർഷിക മേഖലയെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെടുന്നതുതന്നെ അപൂർവ്വ സംഭവമാണ്. ആർ. ഹേലി, ഡോ. പി.വി. ബാലചന്ദ്രൻ തുടങ്ങിയ വിഷയ വിദഗ്ധരും കമ്മിറ്റിയിലുണ്ടായിരുന്നു. കേരളത്തിന്റെ കാർഷിക മേഖലയിൽ അഭിവൃത്തിയുണ്ടാകണമെന്ന് ഗൗരവമായി ആഗ്രഹിക്കുന്നവർ നിശ്ചയമായും ചർച്ചചെയ്യേണ്ട ഒരു റിപ്പോർട്ടാണ് കൃഷ്ണൻകുട്ടി കമ്മീഷന്റേത്. കേരള പരിപ്രേക്ഷ്യ നയരേഖയേക്കാൾ എന്തുകൊണ്ടും സമഗ്രവും ചർച്ച ചെയ്യപ്പെടാൻ യോഗ്യവുമാണ് ഈ റിപ്പോർട്ട്. കേരളത്തിന്റെ കാർഷിക മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങളെന്തെല്ലാമാണെന്ന് റിപ്പോർട്ട് വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഒരോ മേഖലകളായി തിരിച്ച് വ്യക്തമാക്കുന്നുണ്ട്. പ്രശ്നങ്ങൾക്ക് പരിഹാരങ്ങളും റിപ്പോർട്ട് നിർദ്ദേശിക്കുന്നുണ്ട്. അതിൽ എനിക്ക് പ്രധാനമായി തോന്നിയ രണ്ട് നിർദ്ദേശങ്ങൾ സൂചിപ്പിക്കാം. സാമ്പത്തിക പ്രശ്നം കാരണം കർഷകർ കൃഷി ഉപേക്ഷിച്ച് പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി, ഒരു അഗ്രിക്കൾച്ചറൽ ഇൻകം കമ്മീഷനെ നിയോഗിച്ച് കർഷകർക്ക് മാന്യമായ വേതനം ഉറപ്പുവരുത്തണമെന്ന നിർദ്ദേശം കേരളം ഗൗരവമായി ചിന്തിക്കണം. ദേവീന്ദർ ശർമ്മയെപ്പോലുള്ള കാർഷികനയ വിദഗ്ദ്ധർ വർഷങ്ങളായി പറയുന്ന ഒരു നിർദ്ദേശമാണിത്. വേതനം ഉറപ്പാക്കുക എന്നത് ശമ്പളം കൊടുക്കുക എന്ന പ്രക്രിയപോലെ ആകണമെന്നില്ല. കർഷകർക്ക് ഒരു മിനിമം വേതനം കൃഷിയിൽ നിന്നുതന്നെ ഉറപ്പുവരുത്താൻ കഴിയുകയാണ് വേണ്ടത്. പല രീതിയിൽ അത് സാധ്യമാണ്. അതിനുള്ള അനുഗുണമായ വഴികൾ ഏതെല്ലാമെന്ന് നിർദ്ദേശിക്കുന്നതിനാണ് ഇൻകം കമ്മീഷൻ രൂപീകരിക്കണം എന്ന നിർദ്ദേശം കൃഷ്ണൻകുട്ടി റിപ്പോർട്ട് മുന്നോട്ട് വച്ചിരിക്കുന്നത്. ചില ഉത്പന്നങ്ങളുടെ മാർക്കറ്റ് വിലകൊണ്ടുതന്നെ കർഷകർക്ക് മതിയായ ജീവിതസാഹചര്യം ഉറപ്പുതരുന്ന പണം കിട്ടിയെന്നിരിക്കും. അങ്ങനെ കിട്ടാത്തവർക്ക് പുറമെ നിന്നും പിന്തുണകൊടുക്കാൻ സർക്കാർ തയ്യാറാകണം. സങ്കീർണ്ണമായ പ്രക്രിയായി തോന്നാമെങ്കിലും കർഷകർക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യത്തിനുള്ള അവസരം ഉറപ്പുവരുത്തുക എന്നത് തീർച്ചയായും സർക്കാർ പരിഗണിക്കേണ്ട വിഷയമാണ്. ജീവിതനിലവാരത്തിൽ വ്യത്യാസം വരുന്നതനുസരിച്ച്, വർഷംതോറും സർക്കാർജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കാറുണ്ടല്ലോ. സമാനമായ ഒരു പിന്തുണ കർഷകർക്കും നൽകാൻ കഴിയണം.

കൃഷ്ണൻകുട്ടി കമ്മിറ്റിയുടെ മറ്റൊരു പ്രധാന നിർദ്ദേശമാണ് അവകാശലാഭം. അതായത്, കശുവണ്ടി ഉത്പാദിപ്പിക്കുന്ന ഒരു കർഷകൻ 150 രൂപയ്ക്ക് ഒരു കിലോ കശുവണ്ടി വിൽക്കുന്നു എന്ന് കണക്കാക്കുക. ആ കശുവണ്ടി കിലോയ്ക്ക് 300-400 രൂപ മുടക്കി പ്രോസസ്സ് ചെയ്ത്, ഒരു കമ്പനി 1200 രൂപയ്ക്ക് (ഒരു കിലോ) വിപണിയിൽ വിൽക്കുന്നു. അവർക്ക് കശുവണ്ടിയുടെ ഉത്പാദകനായ കർഷകന് ലഭിക്കുന്നതിന്റെ അഞ്ചിരട്ടി ലാഭം കിട്ടുന്നു. ഇത് വളരെ വ്യാപകമായി സംഭവിക്കുന്നുണ്ട്. അതുകൊണ്ടാണ് ആളോഹരി വരുമാനം വളരെ ഉയർന്നുനിൽക്കുമ്പോഴും കർഷകരുടെ സ്ഥിതി വളരെ ദയനീയമായി തുടരുന്നത്. ആളോഹരി വരുമാനം കൂടുന്നതിന്റെ ഗുണം കർഷകർക്ക് ലഭിക്കുന്നില്ല. ഈ വിടവ് നികത്തുക എന്ന ലക്ഷ്യവുമായാണ് അവകാശലാഭം എന്ന നിർദ്ദേശം കമ്മിറ്റി മുന്നോട്ട് വച്ചിരിക്കുന്നത്. ഒരു കർഷകൻ ഉത്പാദിപ്പിക്കുന്ന ഉത്പന്നത്തിലൂടെ ഏതെങ്കിലും കമ്പനി അമിതലാഭമുണ്ടാക്കുന്നുണ്ടെങ്കിൽ അതിന്റെ ഒരു വിഹിതം കർഷകനും കിട്ടാൻ അവകാശമുണ്ടെന്നാണ് ഇതിന്റെ ചുരുക്കം. ഇതും കൂടുതൽ ചർച്ചയ്ക്ക് വിധേയമാക്കി അടിയന്തിരമായി നടപ്പിലാക്കേണ്ട കാര്യമാണ്.

പ്രാദേശിക വികസന പ്രക്രിയയെ തകർക്കാത്തതരത്തിലുള്ള പദ്ധതികൾ മാത്രമാണ് നമുക്കനുയോജ്യം. അപ്പോഴാണ് പരിസ്ഥിതിയുടെ രാഷ്ട്രീയത്തിനും വികസന പ്രക്രിയയിൽ ഒരിടമുണ്ടാകുന്നത്. അതുപരിഗണിച്ച്, കേരള പരിപ്രേക്ഷ്യ നയരേഖ തള്ളിക്കളയുകയും കൃഷ്ണൻകുട്ടി കമ്മിറ്റി റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുകയുമാണ് വേണ്ടത്. ■